കേരളസർവകലാശാല

നം.പി.ആർ.91/2023

# പത്രക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

കേരളസർവകലാശാല 2023 മെയ് 17 ന് നടത്താൻ നിശ്ചയിച്ചിരുന്ന ആറാം സെമസ്റ്റർ ബി.എ./ ബി.കോം. (വിദൂരവിദ്യാഭ്യാസം) പരീക്ഷയും ഒന്നാം സെമസ്റ്റർ ബി.എഡ്. (2019 സ്കീം) പരീക്ഷയും മെയ് 19 ലേക്ക് മാറ്റിവച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

## അപേക്ഷ തീയതി നീട്ടി

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്കുള്ള MSW, MSW(DM), MAHRM കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന്റെ ആദ്യഘട്ടമായ പൊതു പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി 2023 ഏപ്രിൽ 27 – ൽ നിന്നും 2023 മെയ് 15 വരെ നീട്ടിയിരിക്കുന്നു കൂടാതെ പരീക്ഷാതീയതി 2023 മെയ് 12 നിന്നും മെയ് 31 ലേക്ക് മാറ്റിയിട്ടുണ്ട്. http://www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ/പ്രോജക്ട് /വൈവ

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.എസ്സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (328) ഏപ്രിൽ 2023 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 മേയ് 15 മുതൽ വിവിധ കോളേജുകളിൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ഏപ്രിൽ 2023 ബി.ബി.എ. ലോജിസ്റ്റിക്സ് (196) കോഴ്സിന്റെ പ്രോജക്ട് & വൈവ പരീക്ഷകൾ യഥാക്രമം 2023 മെയ് 16, 22 തീയതികളിൽ അതാത് കോളജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം. അക്കൗണ്ട്സ് ആന്റ് ഡാറ്റ സയൻസ് ഡബിൾ മെയിൻ, മാർച്ച് 2023 (2020 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ രജിസ്ട്രേഷൻ

കേരളസർവകലാശാല 2023 മെയ് 26 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി (2012 അഡ്മിഷൻ) മേഴ്സിചാൻസ് പരീക്ഷയ്ക്ക് പിഴ കൂടാതെ 2023 മെയ് 2 വരെയും 150 രൂപ പിഴയോടെ മെയ് 5 വരെയും 400 രൂപ പിഴയോടെ മെയ് 8 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2022 ഡിസംബറിൽ നടത്തിയ സി.ബി.സി.എസ്. ബി.എ സംസ്കൃതം സ്പെഷ്യൽ (ജ്യോതിഷ & വ്യാകരണ) (2020 അഡ്മിഷൻ – റെഗുലർ, 2018,2019 അഡ്മിഷൻ – സപ്ലിമെന്ററി, 2013 മുതൽ 2016 അഡ്മിഷൻ – മേഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി 2023 മെയ് 15 വരെയും ഓഫ്ലൈനായി മെയ് 24 വരെയും അപേക്ഷിക്കുന്നതാണ്.

കേരളസർവകലാശാല 2023 ഫെബ്രുവരി മാസം നടത്തിയ രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഡി.ടി.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് മെയ് 31 വരെ അപേക്ഷിക്കാം. യോഗ്യത : പ്ലസ്ടു/പ്രീഡിഗ്രി, കോഴ്സ് കാലാവധി : ആറു മാസം, ക്ലാസുകൾ: സർവകലാശാല പ്രവർത്തി ദിവസങ്ങളിൽ, കോഴ്സ് ഫീസ് : Rs. 9000/- . ഉയർന്ന പ്രായപരിധി ഇല്ല. താൽപ്പര്യമുള്ളവർ SBI A/c. No. 57002299878 ൽ 100/- രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ പകർപ്പും, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം P.M.G. JN., Students Centre Campus ലെ CACEE ഓഫീസിൽ എത്തേണ്ടതാണ്. വിശദവിവരങ്ങൾക്ക് : 0471-2302523.

തിരുവനന്തപുരം,
10.05.2023

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**